ആരോഗ്യവകുപ്പ് ഡയറക്ടറുടെ നടപടിക്രമം
തിരുവനന്തപുരം

വിഷയം: ആ.വ.ഡ- ജീവനക്കാര്യം:-പി ജി പഠനത്തിനു ശേഷം നിയമനത്തിനായി ജോലിയിൽ നിന്നും വിട്ടുനിന്ന കാലയളവ് ക്രമീകരിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം: 1. ഇ.എ2-555/2018/ആ.വ.ഡ തീയതി 29.05.2018
2. ഇ.എ2-555/2018/ആ.വ.ഡ തീയതി 06.06.2018

ഉത്തരവ് നം. ഇ.എ2-555/18/ആ.വ.ഡ തീയതി 03.07.2018

സർവ്വീസ് ക്വാട്ടയിലുള്ള പി ജി പഠനം പൂർത്തിയാകുന്ന മുറയ്ക്ക്, 06.06.2018 ൽ ജോലിയിൽ പ്രവേശിക്കുന്നതിനായി പരാമർശം (1) പ്രകാരം ഡോ. രവികുമാർ.കെ യെ കോഴിക്കോട് കൊയിലാണ്ടി താലൂക്ക് ആശുപത്രിയിൽ നിയമനം നൽകിയിരുന്നു. എന്നാൽ പ്രസ്തുത സ്ഥാപനത്തിൽ ഒഴിവില്ലാത്തതിനാൽ പരാമർശം (2) പ്രകാരം ടിയാളെ കോഴിക്കോട് പേരാമ്പ്ര താലൂക്ക് ആശുപത്രിയിൽ കാഷ്വാലിറ്റി മെഡിക്കൽ ആഫീസറായി മാറ്റി നിയമിച്ച് ഉത്തരവാകുകയും ടിയാൻ 07.06.2018 ൽ ജോലിയിൽ പ്രവേശിക്കുകയും ചെയ്തു.

മേൽ സാഹചര്യത്തിൽ, ഡോ. രവികുമാർ.കെ, അസിസ്റ്റന്റ് സർജൻ സർവ്വീസ് ക്വാട്ടയിലുള്ള പി ജി പഠനത്തിനു ശേഷം നിയമനത്തിനായി ജോലിയിൽ നിന്നും വിട്ടുനിന്ന, 06.06.2018 കാലയളവ് കെ.എസ്.ആർ ഭാഗം ഒന്ന് ചട്ടം 12(7) ന് ചുവടെയുള്ള കുറിപ്പ് (4) പ്രകാരം ഡ്യൂട്ടിയായി ക്രമീകരിച്ച് ഉത്തരവാകുന്നു.

ഒപ്പ്
ഡോ. സരിത.ആർ.എൽ
ആരോഗ്യവകുപ്പ് ഡയറക്ടർ

സ്വീകർത്താവ്
ഡോ. രവികുമാർ.കെ, കാഷ്വാലിറ്റി മെഡിക്കൽ ആഫീസർ,
താലൂക്ക് ആശുപത്രി പേരാമ്പ്ര, കോഴിക്കോട്

പകർപ്പ്:
1. ജില്ലാ മെഡിക്കൽ ആഫീസർ (ആരോഗ്യം), കോഴിക്കോട്
2. അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം
3. സൂപ്രണ്ട്, താലൂക്ക് ആശുപത്രി പേരാമ്പ്ര, കോഴിക്കോട്
4. ഫയൽ/ കരുതൽ ഫയൽ.

//അംഗീകാരത്തോടെ//

സീനിയർ സൂപ്രണ്ട്